## പതിനാലാം കേരള നിയമസഭ

# സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാവിശേഷത്തെ കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായുള്ള അഡ്ഹോക് കമ്മിറ്റി

## റിപ്പോർട്ട്

**(2019 നവംബർ 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

1326/2019.

പതിനാലാം കേരള നിയമസഭ

# സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാവിശേഷത്തെ കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായുള്ള അഡ്ഹോക് കമ്മിറ്റി

റിപ്പോർട്ട്

(2019 നവംബർ 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

1328/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 12-19 |

# സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാവിശേഷത്തെ കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായുള്ള അഡ്ഹോക് കമ്മിറ്റി

## കമ്മിറ്റിയുടെ ഘടന

ചെയർമാൻ :

ശ്രീ. എസ്. ശർമ്മ

അംഗങ്ങൾ :

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. മോൻസ് ജോസഫ്

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. സി. കെ. ശശീന്ദ്രൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. കെ. സുരേഷ് കുറുപ്പ്

ശ്രീ. എം. ഉമ്മർ

ശ്രീ. എൻ. വിജയൻ പിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ആർ. കിഷോർ കുമാർ, അഡീഷണൽ സെക്രട്ടറി

ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഡി. കൃഷ്ണൻ കുട്ടി, അണ്ടർ സെക്രട്ടറി.

# ആമുഖം

സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാ വിശേഷത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായുള്ള അഡ്ഹോക് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റി അധികാരപ്പെടുത്തിയതനുസരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നു.

സർഫാസി എന്നറിയപ്പെടുന്ന (SARFAESI) സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, 2002-ന്റെ അടിസ്ഥാനത്തിൽ എടുത്ത നടപടികൾമൂലം സംസ്ഥാനത്ത് ജനങ്ങൾക്കിടയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ബുദ്ധിമുട്ടുകളും ആശങ്കകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും പ്രസ്തുത സ്ഥിതിവിശേഷം സംബന്ധിച്ച് പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി പതിനൊന്ന് അംഗങ്ങൾ അടങ്ങിയ ഒരു അഡ്ഹോക് കമ്മിറ്റി പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിൽ 13-12-2018-ന് രൂപീകരിക്കുകയുമുണ്ടായി. കമ്മിറ്റി വിവിധ ജില്ലകൾ സന്ദർശിക്കുകയും സർഫാസി നിയമത്തിന്റെ ഇരകൾ, കർഷക സംഘടനാ നേതാക്കൾ, പൊതുപ്രവർത്തകർ തുടങ്ങിയവരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും അഡ്വക്കേറ്റ് ജനറൽ, വിവിധ വകുപ്പ് മേധാവികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. നിയമ നിർമ്മാണങ്ങൾക്കും മറ്റ് പ്രവർത്തനങ്ങൾക്കും മാതൃകയായ കേരള നിയമസഭയുടെ ഈ കാൽവെയ്പ്പ് ഇന്ത്യയിലെ ഇതര നിയമനിർമ്മാണസഭകൾക്ക് പ്രചോദനവും മാതൃകയുമാകുമെന്ന് പ്രത്യാശിക്കുന്നു.

2019 നവംബർ 20-ാം തീയതി ചേർന്ന കമ്മിറ്റിയുടെ യോഗം ഈ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

എസ്. ശർമ്മ

*ചെയർമാൻ*

*സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായുള്ള അഡ്ഹോക് കമ്മിറ്റി.*

*തിരുവനന്തപുരം*
2019 നവംബർ 21

# റിപ്പോർട്ട്

ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയ്ക്ക് പുത്തനുണർവ് നൽകിയ നടപടിയായിരുന്നു 1969 ജൂലൈ 19-ലെ 14 സ്വകാര്യ ബാങ്കുകളുടെ ദേശസാൽക്കരണം. ജനകീയ ബാങ്കിംഗ് എന്ന മഹത്തായ ലക്ഷ്യത്തിനാണ് ബാങ്ക് ദേശസാൽക്കരണം വഴിവെച്ചത്. സാധാരണക്കാർക്ക് പണമിടപാട് നടത്താനുള്ള സുരക്ഷിത സ്ഥാനമായും നിക്ഷേപങ്ങൾക്ക് കൃത്യമായ പലിശ നൽകി സർക്കാരിന്റെ മുൻഗണനാ പദ്ധതികൾ നടപ്പാക്കാനുമുള്ള സംവിധാനമായും പൊതുമേഖലാ ബാങ്കുകൾ അങ്ങനെ രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ ഭദ്രമാക്കി. പുത്തൻ സാമ്പത്തിക നയങ്ങൾ നടപ്പിലാക്കിയതിനെത്തുടർന്ന് ബാങ്കിംഗ് മേഖലയിൽ വിവിധ പരിഷ്കരണങ്ങൾ വരികയും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് സഹായകമായ നിയമങ്ങൾ കേന്ദ്ര സർക്കാർ പാർലമെന്റിന്റെ മുമ്പാകെ കൊണ്ടുവന്ന് പാസ്സാക്കുകയും ചെയ്തെന്ന പരാതി ശക്തമായി നിലനിൽക്കുകയാണ്.

2. 2002 ജൂൺ 21-ാം തീയതി പ്രാബല്യത്തിൽ വന്ന സർഫാസി (SARFAESI) നിയമം എന്നറിയപ്പെടുന്ന സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, 2002 നിഷ്ക്രിയ ആസ്തിയായ കടങ്ങൾ തിരിച്ചുപിടിക്കുന്നതിന് ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും വളരെ എളുപ്പത്തിൽ ഉപയോഗിക്കുന്നതും, കോടതിവഴി ജപ്തി നടപടികൾക്ക് വരുന്ന കാലതാമസം ഒഴിവാക്കി ബാങ്കുകൾക്ക് ജപ്തി നടപടികളിലേക്ക് കടക്കാൻ അധികാരം നൽകുന്നതുമായ ഒരു കേന്ദ്ര നിയമമാണ്. ബാങ്കുകൾക്കും മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്കും വായ്പയ്ക്കുവേണ്ടി ഈട് നൽകിയ താമസസ്ഥലമോ, മറ്റ് കൊമേഴ്സ്യൽ പ്ലോട്ടുകളോ കോടതി ഇടപെടൽ കൂടാതെ പിടിച്ചെടുത്ത് ലേലം ചെയ്ത് കിട്ടാക്കടം ഈടാക്കാൻ ഈ നിയമം അധികാരം നൽകുന്നു.

3. ഈ നിയമം പ്രാബല്യത്തിൽ വരുത്തുന്നതിന് ആവശ്യമായ ചട്ടങ്ങളും കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. നിഷ്ക്രിയ ആസ്തിയുടെ (നോൺ പെർഫോമിംഗ് അസറ്റ്. എൻ.പി.എ.) വേഗത്തിലുള്ളതും കാര്യക്ഷമവുമായ റിക്കവറി, തിരിച്ചടവ് മുടങ്ങിയാൽ ജാമ്യവസ്തുക്കൾ (കൊമേഴ്സ്യൽ/റസിഡൻഷ്യൽ) ലേലം ചെയ്യുന്നതിന് അനുമതി എന്നിവ ആയിരുന്നു ഈ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. മൂലനിയമത്തിന് ഏതാനും ചില ഭേദഗതികൾ വരുത്തിക്കൊണ്ട് 2016 ആഗസ്റ്റ് 12-ന് ഭേദഗതി നിയമം പ്രാബല്യത്തിൽ വന്നു. ഒരു ലക്ഷം രൂപയിൽ കൂടുതൽ നിഷ്ക്രിയ ആസ്തികളായിട്ടുള്ള (എൻ.പി.എ.) സെക്വേർഡ് ലോണുകൾക്കാണ് ഈ നിയമം ബാധകമാകുന്നത്. നിഷ്ക്രിയ ആസ്തിയായ വായ്പകളിൽ ബാങ്ക് ഒരു ഡിമാന്റ് നോട്ടീസ് തയ്യാറാക്കി വായ്പക്കാരനോ ജാമ്യക്കാരനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഏജന്റുമാർക്കോ രജിസ്റ്റേർഡ് പോസ്റ്റായി അയയ്ക്കുന്നു. ഇതിന്റെ മടക്ക രസീത് കിട്ടിയാൽ ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 60 ദിവസത്തേക്ക് വായ്പ

തിരിച്ചടയ്ക്കാൻ വായ്പക്കാരന് അവസരം നൽകും. 60 ദിവസത്തിനകം വായ്പ തിരിച്ചടച്ചില്ലെങ്കിൽ ബാങ്കിന്റെ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ജില്ലാ മജിസ്ട്രേറ്റ്/അധികാരിതയുള്ള കോടതി മുമ്പാകെ സത്യവാങ്മൂലം സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അധികാരസ്ഥാനം ആസ്തികളും രേഖകളും ഏറ്റെടുക്കുകയും ബാങ്ക്/ധനകാര്യ സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്യും. ജില്ലാ മജിസ്ട്രേറ്റ്/അധികാരിതയുള്ള കോടതി ഇപ്രകാരം എടുക്കുന്ന തീരുമാനം യാതൊരു കോടതിയിലും/അധികാരസ്ഥാനത്തും ചോദ്യം ചെയ്യാൻ കഴിയുന്നതല്ല. നടപടി നേരിടുന്നവർക്ക് പരാതിയുണ്ടെങ്കിൽ നിശ്ചയിച്ചിരിക്കുന്ന ഫീസ് ഒടുക്കിക്കൊണ്ട് 45 ദിവസത്തിനകം ഡെബ്റ്റ് റിക്കവറി ട്രിബ്യൂണലിനെ (ഡി.ആർ.ടി.) സമീപിക്കാവുന്നതാണ്. ഡി.ആർ.ടി.യിൽ നിന്നും അനുകൂലമായതോ സഹായകരമായതോ ആയ ഉത്തരവ് ഉണ്ടാകാത്ത പക്ഷം വായ്പക്കാരന് നിശ്ചിത ഫീസ് ഒടുക്കിക്കൊണ്ട് ഡെബ്റ്റ് റിക്കവറി അപ്പലേറ്റ് ട്രിബ്യൂണൽ (ഡി.ആർ.എ.ടി.)-നെ 30 ദിവസത്തിനകം സമീപിക്കാവുന്നതാണ്. എന്നാൽ ഇങ്ങനെ അപ്പീൽ നൽകുമ്പോൾ ബാധ്യതയുടെ 50% ഡി.ആർ.എ.ടി.-യിൽ കെട്ടിവെച്ചാൽ മാത്രമേ അപ്പീൽ സ്വീകരിക്കപ്പെടുകയുള്ളൂ. ഡി.ആർ.എ.ടി. വഴി അനുകൂല വിധി സമ്പാദിക്കുന്നത് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ചെലവേറിയതാണ്.

4. ഒരു ലക്ഷം രൂപയും മുകളിൽ കുടിശ്ശികയാകുന്ന കടങ്ങൾ കടക്കാരന്റേയോ ഗ്യാരന്റി നൽകിയ ആളിന്റേയോ ആസ്തിയിൽ നിന്ന് കോടതികളുടെയോ ട്രിബ്യൂണലുകളുടെയോ ഇടപെടൽ കൂടാതെ തിരിച്ചുപിടിക്കാൻ ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും അധികാരം നൽകുന്ന നിയമമാണ് സർഫാസി. ഈ നിയമത്തിനനുസൃതമായി രൂപീകരിച്ച 2002-ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) ചട്ടങ്ങളുടെ ചട്ടം 8(5), ബാങ്കുകളുടെയോ ധനകാര്യ സ്ഥാപനങ്ങളുടെയോ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള ഒരു അംഗീകൃത വാല്യൂവറിനെക്കൊണ്ട് കടക്കാരന്റെ ആസ്തി വിലനിർണ്ണയം നടത്താനും ബാങ്കിന്റെ അനുമതിയോടെ പ്രസ്തുത ആസ്തി വില്പനയ്ക്കുവയ്ക്കാനും അധികാരം നൽകുന്നു. കടമെടുത്ത തുകയുടേയോ സാമ്പത്തിക സ്ഥിതിയുടേയോ അടിസ്ഥാനത്തിൽ കടക്കാരെ സർഫാസി നിയമം തരംതിരിക്കുന്നില്ല. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ കടമെടുത്ത എല്ലാ ആളുകളേയും ഈ നിയമം ഒരുപോലെയാണ് കണക്കാക്കുന്നത്. ധനകാര്യ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകുന്ന ഈ നിയമം, വായ്പയുടെ തിരിച്ചടവ് മുടങ്ങിയാൽ പ്രസ്തുത അക്കൗണ്ട് നിഷ്ക്രിയ ആസ്തിയായി (നോൺ പെർഫോമിംഗ് അസറ്റ്-എൻ.പി.എ.) പ്രഖ്യാപിക്കുവാൻ ബാങ്കുകൾക്കും മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്കും അധികാരം നൽകുന്നു. ഈ നിയമത്തിലെ 13 -ാം വകുപ്പ്, കുടിശ്ശിക വരുത്തിയ കടക്കാരനെ അയാളുടെ വസ്തുവിൽ നിന്ന് പുറത്താക്കാനുള്ള അധികാരം ബാങ്കുകൾക്ക് നൽകുന്നു. വായ്പ തിരിച്ചടയ്ക്കുന്നതിൽ മൂന്ന് ഗഡുക്കൾ തുടർച്ചയായി വീഴ്ച വരുത്തിയാൽ ഈടായി നൽകിയ വസ്തു കോടതി ഉത്തരവില്ലാതെ തന്നെ ഈട് വസ്തുവിൽ നോട്ടീസ് പതിച്ച് ബാങ്കിന് ഏറ്റെടുക്കാനും വിൽക്കാനും ഈ നിയമം ബാങ്കുകൾക്ക്

അധികാരം നൽകുന്നു. സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ നിഷ്ക്രിയ ആസ്തികൾ ഏറ്റെടുക്കുന്നതിന് സ്റ്റാമ്പ് ആക്റ്റ് ബാധകമല്ലെന്ന ഭേദഗതി കൂടുതൽ എളുപ്പത്തിൽ റിക്കവറി നടത്തി പണയവസ്തുക്കൾ കൈമാറ്റം ചെയ്യാൻ കഴിയുമെന്നത് സർഫാസി നടപടികളുടെ വേഗം വർദ്ധിപ്പിക്കുന്നു.

5. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 246 പ്രകാരമുള്ള ഏഴാം പട്ടികയിൽ ബാങ്കിംഗ് മേഖല യൂണിയൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ഈ വിഷയം സംബന്ധിച്ച് നിയമനിർമ്മാണാധികാരം പാർലമെന്റിനാണുള്ളത്. വൻകിട കോർപ്പറേറ്റുകളും അതുപോലുള്ള വലിയ സാമ്പത്തിക ശക്തികളും ബാങ്കിംഗ് മേഖലയെ ആശ്രയിക്കുന്നതുപോലെയല്ല ഇടത്തരക്കാരും സമൂഹത്തിലെ താഴെത്തട്ടിലുള്ളവരും ബാങ്കുകളെ ആശ്രയിക്കുന്നത്. ആദ്യത്തെ വിഭാഗത്തിൽപ്പെട്ടവർ അവരുടെ ബിസിനസ്സ് വിപുലീകരിക്കാൻ കടമെടുക്കുമ്പോൾ ദൈനംദിന ജീവിതം മുന്നോട്ടുകൊണ്ടുപോകാനും മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാനും കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കുള്ള പണത്തിനും വേണ്ടിയാണ് രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ട നമ്മുടെ നാട്ടിലെ സാധാരണക്കാർ ബാങ്കുകളെയും ഇതര ധനകാര്യ സ്ഥാപനങ്ങളെയും ആശ്രയിക്കുന്നത്. അവരുടെ മേൽ ബാങ്കുകൾ എടുക്കുന്ന ചെറിയൊരു നടപടി പോലും അവരുടെ ജീവിതത്തിൽ അരക്ഷിതാവസ്ഥയാണ് സംജാതമാക്കുന്നത്. അതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ അവർ അവതരിപ്പിക്കുന്നത് സംസ്ഥാന സർക്കാരിനുമുമ്പാകെയാണ്. കടക്കെണിയിലായ ആളുകളുടെ മുമ്പിൽ കേന്ദ്ര നിയമമാണ് ഇതെന്നും ഞങ്ങൾക്ക് ഇടപെടാൻ സാധിക്കുകയില്ല എന്നും പറഞ്ഞൊഴിയാൻ ഉത്തരവാദിത്വവും സാമൂഹിക പ്രതിബദ്ധതയുമുള്ള ഒരു സംസ്ഥാന സർക്കാരിനും സാധിക്കുകയില്ല. സർഫാസി എന്ന കേന്ദ്ര നിയമത്തിന്റെ കാര്യത്തിൽ ഇപ്പറഞ്ഞ പ്രതിബദ്ധത സംസ്ഥാന സർക്കാരിനെയും സംസ്ഥാന നിയമനിർമ്മാണ സഭയെയും ഒരളവുവരെയെങ്കിലും പ്രശ്നപരിഹാരത്തിനുള്ള വഴി തേടാൻ നിർബന്ധിതമാക്കിയിരിക്കുന്നു.

6. സംസ്ഥാനത്ത് ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും പ്രവർത്തിക്കുന്നത് റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ്. കൃത്യമായ നടപടിക്രമം പാലിച്ചുമാത്രമേ ഈ നിയമപ്രകാരം കിട്ടാക്കടം തിരിച്ചുപിടിക്കാൻ പാടുള്ളുവെന്ന് റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. താൽക്കാലികമായ വീഴ്ചകളുടെ അടിസ്ഥാനത്തിൽ നിഷ്ക്രിയ ആസ്തികളായി പ്രഖ്യാപിക്കരുത് എന്നും നിഷ്ക്രിയ ആസ്തിയായി പ്രഖ്യാപിച്ചുകഴിഞ്ഞാലും ബാങ്കുകൾ ഉടൻ ജപ്തി നടപടികളിലേയ്ക്ക് നീങ്ങരുതെന്നും റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടുണ്ട്. പലപ്പോഴും നിയമവ്യവസ്ഥകൾ മറികടന്ന് ബാങ്കുകൾ നടപടി സ്വീകരിക്കുന്നതായി സമിതിക്ക് ബോദ്ധ്യപ്പെട്ടു.

7. വായ്പാകെണിയിൽ കുടുങ്ങിയ അനേകം കർഷകരും പാവപ്പെട്ടവരും സർഫാസി നിയമത്തിന്റെ പിടിയിൽ അകപ്പെട്ട് ജപ്തിയും കുടിയിറക്ക് ഭീഷണിയും നേരിടുന്ന കാര്യം

സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിൽ, 2017 ആഗസ്റ്റ് 21-ന് ഇത് സംബന്ധിച്ച ഒരു പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കുകയുമുണ്ടായി. പ്രസ്തുത പ്രമേയം ഇനി പറയും പ്രകാരമാണ്.

"2002-ലെ സർഫാസി ആക്റ്റിന്റെ 31-ാം വകുപ്പിന്റെ (ഐ) ഖണ്ഡപ്രകാരം പ്രസ്തുത ആക്റ്റിന്റെ വ്യവസ്ഥകൾ ഒരു കൃഷി ഭൂമി സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാധ്യതയ്ക്ക് ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും സമാനമായി 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് പ്രസ്തുത ആക്റ്റിന്റെ വ്യവസ്ഥകൾ ബാധകമാക്കുന്നത് ലക്ഷക്കണക്കിന് നിർദ്ധന കുടുംബങ്ങളെ ദുരിതത്തിലേയ്ക്ക് തള്ളിവിടും എന്നതിനാലും 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് 2002-ലെ സർഫാസി ആക്റ്റിന്റെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി പ്രസ്തുത ആക്റ്റിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് ഈ സഭ അഭ്യർത്ഥിക്കുന്നു." എന്നാൽ സംസ്ഥാനത്തിന്റെ ഈ അഭ്യർത്ഥനയ്ക്ക് മേൽ കേന്ദ്ര സർക്കാർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

8. സർഫാസി നിയമത്തിനെതിരെ, അതിന്റെ ഇരകളായി മാറിയ പട്ടികവിഭാഗക്കാർ, ദരിദ്രർ, വിദ്യാർത്ഥികൾ, കർഷകർ, ചെറുകിട വ്യവസായ സംരംഭകർ എന്നിവരിൽ നിന്നെല്ലാം ഉയർന്നുവന്ന സമരങ്ങൾ, സർഫാസി ആക്റ്റിന്റെ പേരിൽ തീർത്തും ദയാരഹിതമായി പെരുമാറുന്ന ബാങ്ക് അധികാരികളുടെ സമീപനംമൂലം ജനങ്ങൾക്കിടയിൽ ഉയർന്നിട്ടുള്ള കടുത്ത പ്രതിഷേധം, ഒരു കേന്ദ്രനിയമം സംസ്ഥാനത്ത് നടപ്പാക്കപ്പെടുകയും എന്നാൽ അതുവഴി ജനങ്ങളുടെ ആസ്തികൾ ഇല്ലാതാകുകയും ചെയ്യുന്ന സാമൂഹ്യ സാഹചര്യം എന്നിവ സംജാതമായ പശ്ചാത്തലത്തിലാണ് പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിൽ 13-12-2018-ന് സർഫാസി ആക്റ്റ് പ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാവിശേഷം സംബന്ധിച്ച് പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി ഒരു അഡ്ഹോക് കമ്മിറ്റി രൂപീകരിച്ചത്.

9. സർഫാസിവിരുദ്ധ ജനകീയപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ എറണാകുളം മാനാത്ത് പാടത്തെ ശ്രീമതി പ്രീതാഷാജി നടത്തിയ വീടുകാവൽ സമരവുമായി ബന്ധപ്പെട്ട് സമരപ്പന്തൽ സന്ദർശിച്ച് ശ്രീമതി പ്രീതാ ഷാജിയേയും സർഫാസി വിരുദ്ധ സമരസമിതിയേയും നേരിൽ കാണുകയും തെളിവെടുപ്പ് നടത്തുകയും ചെയ്തുകൊണ്ടാണ്, കമ്മിറ്റി അതിന്റെ പ്രവർത്തനം തുടങ്ങിയത്. തുടർന്ന് വയനാട്, തിരുവനന്തപുരം, ഇടുക്കി, കൊല്ലം, കണ്ണൂർ എന്നീ ജില്ലകൾ സന്ദർശിക്കുകയും സർഫാസി നിയമത്തിന്റെ ഇരകൾ, പൊതുജനങ്ങൾ, കർഷകസംഘടനാനേതാക്കൾ, രാഷ്ട്രീയപ്രവർത്തകർ തുടങ്ങിയവരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്തു.

10. സർഫാസി നിയമത്തിന്റെ കടുത്ത വ്യവസ്ഥകളിൽ നിന്ന് സാധാരണക്കാരായവരെ എങ്ങനെ സഹായിക്കാമെന്ന ലക്ഷ്യത്തോടെ നിയമം, ധനകാര്യം (പ്ലാനിങ്ങ് ആന്റ് എക്കണോമിക് അഫയേഴ്സ്), സഹകരണം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം തുടങ്ങിയ വകുപ്പുകളുടെ സെക്രട്ടറിമാരിൽ നിന്നും കമ്മിറ്റി തെളിവെടുപ്പ് നടത്തുകയുണ്ടായി. കൂടാതെ കമ്മിറ്റി യോഗത്തിൽ സംസ്ഥാനത്തിന്റെ അഡ്വക്കേറ്റ് ജനറൽ പങ്കെടുക്കുകയും വിലയേറിയ ഉപദേശങ്ങൾ നൽകുകയും ചെയ്തു. പ്രസ്തുത യോഗങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ ആശയങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ടിലെ ശിപാർശകളിലേക്ക് കമ്മിറ്റി എത്തിച്ചേർന്നത്.

11. വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത പാവപ്പെട്ടവരുടെ കാർഷിക കടങ്ങൾ മുഴുവനും എഴുതിത്തള്ളുക, സഹകരണ ബാങ്കുകൾ സർഫാസി നിയമം പ്രയോഗിക്കുന്നത് അവസാനിപ്പിക്കുക, സർഫാസി നിയമപ്രകാരമുള്ള നടപടികൾ സിവിൽ കോടതികളിൽ നിലനിർത്തുക, പത്ത് ലക്ഷം രൂപ വരെയുള്ള വായ്പകളെ സർഫാസി നിയമത്തിൽ നിന്ന് ഒഴിവാക്കുക, ഡി.ആർ.ടി - യിൽ കേസ് നടത്തുന്നത് അവസാനിപ്പിക്കുക, വായ്പ ഈട് ലേലത്തിന് സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നത് ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങളാണ് അഡ്ഹോക് കമ്മിറ്റി നടത്തിയ തെളിവെടുപ്പുകളിൽ ഉയർന്നുവന്നത്. മുമ്പ് സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവരായിരുന്നു സർഫാസി നിയമത്തിന്റെ ഇരകളായിരുന്നതെങ്കിൽ ഇപ്പോൾ മധ്യവർഗ്ഗക്കാർ കൂടി ഇരകളായി മാറിയിരിക്കുന്നുവെന്നാണ് കമ്മിറ്റിക്ക് മനസ്സിലാക്കാൻ സാധിച്ചത്.

12. 2003 ഫെബ്രുവരി 28-ാം തീയതിയിലെ വിജ്ഞാപന പ്രകാരം സഹകരണ ബാങ്കുകളേയും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നതിനെത്തുടർന്ന് 22-4-2003- ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി നിയമം സഹകരണ ബാങ്കുകളിൽക്കൂടി ബാധകമാക്കിക്കൊണ്ട് 29-8-2003 തീയതിയിലെ 50/2003 നമ്പർ സർക്കുലർ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ വകുപ്പിന് കീഴിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലൈസൻസോടു കൂടി പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ എന്നിവയാണ് സർഫാസി നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നത്. സർഫാസി നിയമത്തിന്റെ പേരിൽ സംസ്ഥാനത്ത് ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്. എന്നാൽ സർഫാസി നിയമം കേന്ദ്ര നിയമം ആയതിനാലും നിയമത്തിലെ കർശന വ്യവസ്ഥകൾ കാരണവും ഇത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ അനുകൂല നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ വകുപ്പിന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

13. സർഫാസി നിയമത്തിന്റെ മറപിടിച്ചുവളർന്ന വായ്പാ തട്ടിപ്പസംഘങ്ങളുടെ തട്ടിപ്പിൽ കൃഷി ആവശ്യത്തിന് കടമെടുത്ത കർഷകർ, വായ്പയെടുത്ത് തിരിച്ചടവ് മുടങ്ങി ജപ്തി നടപടി നേരിടുന്ന കശുവണ്ടി വ്യവസായികൾ, വിദ്യാഭ്യാസ വായ്പയെടുത്തവർ തുടങ്ങി സംസ്ഥാനത്തിന്റെ സമസ്ത മേഖലയിലുള്ളവരെയും ഈ നിയമം സാരമായി ബാധിച്ച് തുടങ്ങിയിരിക്കുന്നു. ബാങ്കിന്റെ ജപ്തി നടപടിക്കെതിരെ എറണാകുളം മാനാത്ത് പാടത്തെ ശ്രീമതി പ്രീതാ ഷാജി നടത്തിയ സമരം വാർത്തകളിൽ ഇടംപിടിച്ചതോടെയാണ് ഈ നിയമത്തിന്റെ അപകടകരമായ വ്യവസ്ഥകൾ ചർച്ചാവിഷയമായത്. ഒരു കുടുംബ സുഹൃത്തിന് രണ്ട് ലക്ഷം രൂപ വായ്പയ്ക്ക് 1994-ൽ വീട് നിൽക്കുന്ന സ്ഥലം ജാമ്യമായി നൽകിയ പ്രീതാഷാജി, വായ്പയെടുത്തയാൾ കുടിശ്ശിക വരുത്തിയതിനെത്തുടർന്ന് സർഫാസി നിയമപ്രകാരം നടപടി നേരിടുകയും രണ്ടരക്കോടി രൂപ ഇപ്പോൾ വിലമതിക്കുന്ന അവരുടെ ഭൂമി 37,80,000 രൂപയ്ക്ക് ബാങ്ക് ലേലം ചെയ്യുകയും ചെയ്തു. പലിശയും പിഴപ്പലിശയുമടക്കം രണ്ട് കോടിയോളം രൂപ അടയ്ക്കാനുണ്ടെന്നാണ് ബാങ്കിന്റെ നിലപാട്. ലേലത്തിൽ പിടിച്ചവരെ ഭൂമിയിൽ പ്രവേശിപ്പിക്കാതെ ചെറുത്തുനിന്നതിനെത്തുടർന്ന് ഹൈക്കോടതി വിധിയിലൂടെ ശ്രീമതി പ്രീതാ ഷാജിക്ക് ഭൂമി തിരികെ ലഭിച്ചുവെങ്കിലും ആയത് ഒരു ഒറ്റപ്പെട്ട സംഭവം മാത്രമാണ്. സമാന സാഹചര്യത്തിൽ കിടപ്പാടം നഷ്ടപ്പെട്ട് നിരവധിപേർ വഴിയാധാരമായിട്ടുണ്ട്. ബാങ്കുകൾ വിദ്യാഭ്യാസവായ്പകളിലെ കിട്ടാക്കടം അസ്സറ്റ് റീകൺസ്ട്രക്ഷൻ കമ്പനികൾക്ക് വിറ്റതായുള്ള വാർത്തകൾ കടമെടുത്തവരെ ആശങ്കയിലാഴ്ത്തിയിട്ടുണ്ട്.

14. സർഫാസി ആക്ടിനെ മറികടക്കാൻ സംസ്ഥാനത്തിന് കഴിയില്ലെങ്കിലും ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾ തടയുന്നതിന് സാധിക്കും. മണിലെൻഡിംഗ് ആൻറ് മണി ലെൻഡേഴ്സ് എന്ന വിഷയം സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലാണ്. സർഫാസി ആക്ട് നടപ്പാക്കുന്നതിന്റെ പേരിൽ നടത്തുന്ന നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ തടയുന്നതിന് പ്രത്യേക നിയമനിർമ്മാണം നടത്താൻ സംസ്ഥാന സർക്കാരിന് കഴിയുന്നതാണ്.

15. സമാനതകളില്ലാത്ത ഒരു വെള്ളപ്പൊക്കദുരന്തം നാടിനെ വിഴുങ്ങിയപ്പോൾ സർവ്വരേയും ചേർത്തുപിടിച്ച് നമ്മുടെ നാടിനെ പുനർനിർമ്മിക്കാനുള്ള ദൗത്യം പുരോഗമിക്കവെയാണ് പതിനായിരക്കണക്കിന് കുടുംബങ്ങളെ കൃഷിഭൂമിയിൽ നിന്നും വീടുകളിൽ നിന്നും കുടിയിറക്കാൻ തുടങ്ങുന്നത്. കൃഷിഭൂമി ജപ്തിചെയ്യരുതെന്ന് സർഫാസി നിയമത്തിൽ വ്യവസ്ഥയുണ്ടെങ്കിലും നടപടി നേരിടുന്നവരിൽ ഭൂരിഭാഗവും കർഷകരാണ്. ഇവരുടെ വീടിനും കൃഷിഭൂമിക്കുമാണ് ജപ്തിനോട്ടീസ് കിട്ടിക്കൊണ്ടിരിക്കുന്നത്. സഹകരണ ബാങ്കുകളിൽ നിന്ന് കാർഷിക ആവശ്യങ്ങൾക്കാണ് വായ്പ എടുക്കുന്നതെങ്കിലും കാർഷിക

വായ്പയായിട്ടല്ല അവ നൽകുന്നത്. ആയതിനാൽ കാർഷിക വായ്പയുടെ ആനുകൂല്യവും ഇവർക്ക് ലഭിക്കുന്നില്ല. ഇപ്പോൾ നടപടി നേരിടുന്നവർക്കൊന്നും വായ്പയെടുത്തപ്പോൾ ഈ നിയമത്തിന്റെ കെണികളെക്കുറിച്ച് അറിയില്ലായിരുന്നുവെന്നതാണ് വാസ്തവം. കർഷക ആത്മഹത്യകളുടെ പ്രധാന കാരണങ്ങളിലൊന്ന് വാണിജ്യ-സ്വകാര്യ ബാങ്കുകളുടെ ജപ്തിഭീഷണിയാണ്.

16. സർഫാസി നിയമത്തിന്റെ മറവിലുള്ള റിയൽ എസ്റ്റേറ്റ് മാഫിയ തട്ടിപ്പിൽ ചില ബാങ്കുദ്യോഗസ്ഥർക്കുള്ള പങ്ക് അന്വേഷിക്കേണ്ടതാണ്. റിയൽ എസ്റ്റേറ്റ് മാഫിയയും ഭൂദല്ലാൾമാരും ഈ നിയമത്തിന്റെ മറവിൽ ഭൂമി തട്ടിയെടുക്കുന്നത് തടയാൻ എന്തെല്ലാം നിയമനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു.

17. സർഫാസി നിയമത്തിന്റെ മറപിടിച്ച് ഇടനിലക്കാരുടെ ഒത്താശയോടെ ഉണ്ടുഭൂമിയും ചെറിയ കിടപ്പാടവും മാത്രമുള്ള പട്ടികവിഭാഗത്തിൽപ്പെട്ട നിരവധി കുടുംബങ്ങൾ വായ്പാത്തട്ടിപ്പിനിരയായിട്ടുണ്ടെന്ന് തെളിവെടുപ്പിലൂടെ കമ്മിറ്റിക്ക് ബോധ്യമായി. അവർക്ക് പണം തിരിച്ചടച്ച് ജപ്തിയിലായ വസ്തു തിരിച്ചെടുക്കാൻ ഒരു തരത്തിലും സാധ്യമാകുന്നില്ല എന്ന വലിയ പ്രശ്നം നമ്മുടെ മുന്നിലുണ്ട്. നിസ്വരും നിരാലംബരുമായ ഈ മനുഷ്യരുടെ പ്രശ്നത്തിൽ സർക്കാർ ഇടപെടൽ ഉണ്ടായേ മതിയാകൂ എന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു. സിവിൽ നടപടിക്രമങ്ങൾ ഒന്നുമില്ലാതെ ജപ്തിനടപടികളിലേക്ക് കടക്കുമ്പോൾ സാധാരണക്കാർക്ക് കിടപ്പാടം വരെ ഇല്ലാതാകുന്നതാണ്. സർഫാസിയുമായി ബന്ധപ്പെട്ട നടപടികൾക്കെതിരായ പരാതികൾ എറണാകുളത്തെ ഡി.ആർ.ടി. മാത്രമേ പരിഗണിക്കുവെന്നുള്ളതിനാൽ ഇതിനുള്ള ചെലവുപോലും താങ്ങാനാവാത്ത അവസ്ഥയിലാണ് സാധാരണക്കാർ. പലപ്പോഴും അൽപ്പം സാവകാശം മാത്രമാണ് ഡി.ആർ.ടി. വഴി സാധാരണക്കാർക്ക് ലഭിക്കുന്നത്.

18. Agricultural Land എന്നതിന് പ്രത്യേകം നിർവ്വചനം ആക്ടിൽ നൽകിയിട്ടില്ല. അത്തരം സാഹചര്യത്തിൽ എല്ലാത്തരം കൃഷിഭൂമിയും സർഫാസി ആക്ടിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്. ബഹു.കേരള ഹൈക്കോടതി Muhammed Basheer K. P. Vs. Deputy General Manager, Kannur District Co. op. Bank Ltd. [2010 (2) KHC 385] എന്ന കേസിന്റെ വിധിന്യായത്തിൽ റബ്ബർ കൃഷിയും അഗ്രിക്കൾച്ചറൽ ലാന്റ് എന്നതിൽ ഉൾപ്പെടുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. സാധാരണഗതിയിൽ കേരളത്തിൽ കൃഷിഭൂമിയിൽ തന്നെയാണ് കർഷകരുടെ വീടും സ്ഥിതിചെയ്യുന്നത്. റബ്ബർ, കാപ്പി, ഏലം ഉൾപ്പെടെ എല്ലാത്തരം കൃഷിചെയ്യുന്ന ഭൂമിയും കൃഷിഭൂമിയായി തന്നെ കണക്കാക്കേണ്ടതാണ് എന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു.

19. ഭരണഘടനയുടെ അനുച്ഛേദം 39(എ) പ്രകാരം നീതിലഭിക്കുന്നതിനുള്ള അവസരങ്ങൾ സാമ്പത്തികമോ മറ്റോ ആയ അവശതകൾ കാരണം ഏതെങ്കിലും പൗരന് നിഷേധിക്കപ്പെടുന്നില്ലെന്ന് സുനിശ്ചിതമാക്കുവാൻ സൗജന്യ നിയമസഹായം ഏർപ്പെടുത്തേണ്ടതാകുന്നു എന്ന് അനുശാസിക്കുന്നുണ്ട്. സൗജന്യസേവനത്തിന് താൽപ്പര്യമുള്ള സീനിയർ അഡ്വക്കേറ്റുമാർ ഉണ്ടെന്ന് അവരുമായി സംസാരിച്ചപ്പോൾ മനസ്സിലായതായി അഡ്വക്കേറ്റ് ജനറൽ കമ്മിറ്റിയെ അറിയിക്കുകയുണ്ടായി. അപ്രകാരം ചെയ്യാൻ സന്മനസ്സുള്ളവരെ കണ്ടുപിടിച്ച് അവരുടെ പ്രത്യേക പാനൽ തയ്യാറാക്കി സർഫാസി നിയമത്തിന്റെ ഇരകൾക്ക് സേവനം നൽകുന്നതിനായി സന്നദ്ധമാക്കുക എന്ന ഉദാത്ത ലക്ഷ്യത്തിലേയ്ക്ക് എത്തേണ്ടതുണ്ടെന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു.

20. സർഫാസി നിയമം 2002-ൽ നിലവിൽ വന്നെങ്കിലും ആ നിയമത്തിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി ശക്തമായ രീതിയിലുള്ള തുടർനടപടി കൈക്കൊള്ളാൻ ബാങ്കുകൾ തുടങ്ങിയത് കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കുള്ളിലാണ് എന്നാണ് കമ്മിറ്റി മനസ്സിലാക്കുന്നത്. ഈ കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ ആയിരക്കണക്കിന് ആളുകൾ ജപ്തിഭീഷണിയിലായി. അവരെ സഹായിക്കാൻ കൂട്ടായ്മകളും സന്നദ്ധസംഘടനകളും മുന്നോട്ടുവന്നത് കേരളത്തിലെ ജനങ്ങളുടെ സാമൂഹ്യപ്രതിബദ്ധതയെയാണ് സൂചിപ്പിക്കുന്നത്. ഈ നിയമത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് പുറത്തിറങ്ങിയ നോട്ടീസുകളും ലഘുലേഖകളും പ്രസിദ്ധീകരണങ്ങളും കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടു. നിരവധി വ്യക്തികളും സംഘടനാ പ്രതിനിധികളും നേരിട്ടും തപാൽ/ഇ-മെയിൽ മുഖേനയും കമ്മിറ്റിക്ക് പരാതികൾ നൽകുകയുണ്ടായി. അവ സംബന്ധിച്ച വിവരങ്ങൾ കുറേയൊക്കെ ഈ റിപ്പോർട്ടിന്റെ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. പ്രസ്തുത പരാതികൾ സംബന്ധിച്ച് അന്വേഷിച്ച് തുടർനടപടി കൈക്കൊള്ളാൻ ബന്ധപ്പെട്ട സർക്കാർ സംവിധാനങ്ങൾ തയ്യാറാകണം എന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു.

21. സർഫാസി നിയമപ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ള പ്രശ്നങ്ങൾക്ക് പൂർണ്ണമായ പരിഹാരം ഉണ്ടാകണമെങ്കിൽ സംസ്ഥാന സർക്കാരും സംസ്ഥാനത്തെ ഭരണ-പ്രതിപക്ഷ ഭേദമെന്യെയുള്ള രാഷ്ട്രീയ കക്ഷികളും എം.എൽ.എ. മാരും പാർലമെന്റ് അംഗങ്ങളും ഒരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ. ഈ റിപ്പോർട്ടിന്റെ കോപ്പികൾ സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾക്കും ബന്ധപ്പെട്ട എല്ലാ സർക്കാർ വകുപ്പുകൾക്കും അയച്ചുകൊടുക്കാനും വെബ്സൈറ്റിൽ ഉൾപ്പെടെ പ്രസിദ്ധീകരിച്ച് പരമാവധി പൊതുജന ശ്രദ്ധ ഉണ്ടാകാനുള്ള പ്രവർത്തനങ്ങൾ നടത്താനും കമ്മിറ്റി നിർദ്ദേശിക്കുന്നു.

## കമ്മിറ്റിയുടെ ശിപാർശകൾ

1. സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്നും സഹകരണബാങ്കുകളെ ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

2. ഒരു വർഷത്തെ കാലയളവിനു ശേഷവും തിരിച്ചടവ് നടത്താതെ കുടിശ്ശിക വരുത്തുന്ന വായ്പക്കാർക്ക് എതിരെ മാത്രമേ സർഫാസി നിയമപ്രകാരമുള്ള നടപടി ആരംഭിക്കാവൂ എന്ന രീതിയിൽ നിയമഭേദഗതി വരുത്താനും ഒരുലക്ഷം രൂപയ്ക്ക് മുകളിലുള്ള എന്നതുമാറ്റി പത്തുലക്ഷം രൂപയ്ക്കുമുകളിലുള്ള വായ്പയ്ക്ക് മാത്രമേ നിയമം ബാധകമാവുകയുള്ളു എന്ന് നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

3. കർഷകർ എടുക്കുന്ന എല്ലാത്തരം കടങ്ങളും കാർഷിക കടമായി കാണണമെന്നും സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നും വിദ്യാഭ്യാസ വായ്പയെടുത്ത ശേഷം നിശ്ചിത കാലയളവിനുള്ളിൽ ജോലി ലഭിക്കാത്തതിനാൽ തിരിച്ചടവ് മുടങ്ങിയവരെ സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാനോ അവർക്ക് തിരിച്ചടവിനു കാലാവധി നീട്ടി നൽകാനോ ഉതകുന്ന നിയമഭേദഗതി കൊണ്ടുവരണമെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

4. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ തോട്ടവിളകൾ ഉൾപ്പെടെയുള്ള എല്ലാത്തരം കൃഷിയും ചെയ്യുന്ന ഭൂമി കൃഷിഭൂമിയായിത്തന്നെ കണക്കാക്കി വായ്പ നൽകാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

5. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തവർ തിരിച്ചടവിൽ മൂന്നിൽ രണ്ട് ഗഡുക്കൾ അടച്ച കഴിഞ്ഞിട്ടുണ്ടെങ്കിൽ ബാക്കിയുള്ള തുകയെ സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട വരുന്ന പരാതികളിൽ ബാങ്കിംഗ് ഓംബുഡ്സ്മാൻ പ്രത്യേകമായ പരിഗണന നൽകുന്നതിനും ഉതകുന്ന തരത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

1326/2019.

6. ബാങ്കുകൾ/ധനകാര്യസ്ഥാപനങ്ങൾ വായ്പ നൽകുമ്പോൾ വായ്പയെടുക്കുന്നതിനുള്ള അപേക്ഷഫോറം ഇംഗ്ലീഷിൽ മാത്രം അച്ചടിക്കുന്നത് സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ അപേക്ഷാഫോറത്തിൽ മലയാളം ഉൾപ്പെടെയുള്ള തദ്ദേശീയ ഭാഷകൾ കൂടി ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

7. മുഴുവൻ കടക്കാരുടെയും വായ്പാ കുടിശ്ശിക സംബന്ധിച്ച് പത്രപ്പരസ്യം നൽകുന്നതിന് ഓരോ വായ്പക്കാരിൽ നിന്നും ഭീമമായ തുക ഈടാക്കുന്ന പ്രവണത ഇല്ലാതാക്കണമെന്നും അപ്രകാരമുള്ള പരസ്യങ്ങൾക്ക് ബാങ്കുകൾ മിതമായ നിരക്ക് മാത്രമേ ഈടാക്കാവൂ എന്ന് നിർദ്ദേശം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും കമ്മിറ്റി ശിപാർശ ചെയ്യുന്നു.

8. വായ്പയെടുത്ത് തിരിച്ചടവിൽ വീഴ്ച വരുത്തിയവരെ സർഫാസി നിയമത്തിന്റെ മറവിൽ മാനസികമായും ശാരീരികമായും ഉപദ്രവിക്കാൻ ഗുണ്ടാസംഘങ്ങളെ ധനകാര്യസ്ഥാപനങ്ങൾ നിയോഗിക്കുന്നതുൾപ്പെടെ സർഫാസി ആക്ടിൽ പ്രതിപാദിച്ചിട്ടില്ലാത്ത നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് ബാങ്കിംഗ് മേഖലയ്ക്ക് മാത്രമല്ല, മറിച്ച് ആരെല്ലാം പണമിടപാട് നടത്തുന്നുവോ അവർക്കെല്ലാം ബാധകമാകുന്ന വിധത്തിലുള്ള സമഗ്രമായ നിയമനിർമ്മാണത്തിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

9. സർഫാസി കടക്കെണിയിൽപ്പെട്ടവർക്ക് സൗജന്യമായി നിയമ സഹായം നൽകുന്നതിനായി കഴിവും താൽപര്യവും ഉള്ള സീനിയർ അഭിഭാഷകർ ഉൾപ്പെടെയുള്ളവരുടെ ഒരു പ്രത്യേക പാനൽ തയ്യാറാക്കി തുടർനടപടി കൈക്കൊള്ളണമെന്നും ലീഗൽ സർവ്വീസസ് അതോറിറ്റിയോട് ആവശ്യപ്പെട്ട് ഇക്കാര്യത്തിൽ സത്വര നടപടി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

10. ചെറിയ തുക വായ്പയെടുത്ത പട്ടികവിഭാഗങ്ങളിലുള്ള പലരും ഇടനിലക്കാരുടെ ഇടപെടലുകൾ മൂലം വായ്പയെക്കുറിച്ചും തിരിച്ചടവിനെക്കുറിച്ചും കൃത്യമായ അറിയിപ്പുകൾ ശ്രദ്ധയിൽപ്പെടാതെ ചതിക്കുഴിയിൽപ്പെടാതിരിക്കാൻ വായ്പയെടുക്കുന്നതിന് മുമ്പായി അവർക്ക് ഉപദേശം നൽകാൻ സംസ്ഥാന സർക്കാർ ക്രെഡിറ്റ് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

11. ഒരു നിശ്ചിത തുക വായ്പയെടുത്തതും സർഫാസി നിയമത്തിന്റെ വ്യവസ്ഥപ്രകാരം ഭൂമി നഷ്ടപ്പെടുമെന്ന ഭീഷണിയിലായതുമായ അർഹരായ പാവപ്പെട്ട പട്ടികവിഭാഗങ്ങളിലുള്ളവരുടെ കടം സർക്കാർ തന്നെ തിരിച്ചടച്ച്

ജപ്തി നടപടികൾ ഒഴിവാക്കാൻ കഴിയുമോ എന്ന് പരിശോധിക്കാനും ക്രമവിരുദ്ധ പ്രവർത്തനങ്ങളിലൂടെ തട്ടിയെടുത്ത ആധാരങ്ങൾ അവർക്ക് തിരികെ ലഭിക്കാനുമുള്ള ഒരു ബൃഹദ്പദ്ധതി സംസ്ഥാന സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകൾ അടിയന്തരമായി തയ്യാറാക്കി നടപ്പാക്കണമെന്ന് കമ്മിറ്റിശിപാർശ ചെയ്യുന്നു.

12. വായ്പാ കുടിശ്ശിക വരുത്തുന്നവർക്കെതിരെയുള്ള നടപടിയുടെ ഭാഗമായി ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും വായ്പക്കാരുടേയും അവരുടെ കുടുംബാംഗങ്ങളുടെയും ഫോട്ടോ/മേൽവിലാസം സഹിതം പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പരസ്യങ്ങൾ നൽകുന്നതും ബോർഡുകൾ വയ്ക്കുന്നതും വ്യക്തിയുടെ സ്വകാര്യതയുടെ ലംഘനമായി കണ്ട് അപ്രകാരം ചെയ്യുന്ന ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ ക്രിമിനൽ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കണമെന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

മേൽപ്പറഞ്ഞ ശിപാർശകളിൽ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് അടിയന്തര പ്രാധാന്യത്തോടെ സംസ്ഥാന സർക്കാർ ചെയ്യുമെന്നും സർഫാസി നിയമത്തിന്റെ മറവിൽ നടക്കുന്ന ജനദ്രോഹ നടപടികൾക്കെതിരെ ശക്തവും സമഗ്രവുമായ നിയമനിർമ്മാണം നടത്തുന്നതിന് സർക്കാർ മുൻകൈയെടുക്കണമെന്നും കമ്മിറ്റി പ്രത്യാശിക്കുന്നു.

എസ്. ശർമ്മ

*ചെയർമാൻ*

*സർഫാസി ആക്റ്റ് പ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായുള്ള അഡ്ഹോക് കമ്മിറ്റി.*

*തിരുവനന്തപുരം,*
2019 നവംബർ 20.

<u>അനുബന്ധം</u>

| ക്രമ നമ്പർ | പേര് | വിഷയം |
|---|---|---|
| 1 | 2 | 3 |
| 1 | ശ്രീ. ജയപ്രകാശ്, പ്രകാശ് കാഷ്യു കമ്പനി, കൊല്ലം. | കശുവണ്ടി വ്യവസായി ആയ ശ്രീ. ജയപ്രകാശ് കൊല്ലം കാത്തലിക് സിറിയൻ ബാങ്കിൽ നിന്നും ബിസിനസ്സ് ആവശ്യത്തിലേക്കായി വായ്പയെടുത്തിരുന്നു. വ്യവസായം നഷ്ടമായപ്പോൾ സ്വന്തം വീടും ഫാക്ടറിയും വിറ്റ് ബാങ്കിൽ ഒരു കോടി തൊണ്ണൂറ് ലക്ഷം രൂപ അടച്ചുവെങ്കിലും ഒരുകോടി നാൽപത് ലക്ഷം രൂപ ബാക്കിയുണ്ടായിരുന്നു. ഇതിന് സെക്യൂരിറ്റിയായി നൽകിയിരുന്ന ഫാക്ടറിയും ബന്ധുവിന്റെ തൊണ്ണൂറ് സെന്റ് സ്ഥലവും ജപ്തിചെയ്യുന്നതിനുള്ള നടപടികളും ബാങ്ക് ആരംഭിച്ചിരിക്കുകയാണ്. സാവകാശം നൽകുവാൻ ബാങ്കിനോട് അപേക്ഷിച്ചുവെങ്കിലും വീട്ടിൽ നിന്ന് ഇറക്കിവിടുകയാണ് ചെയ്തതെന്നും കോടതിയിൽപോലും ചോദ്യം ചെയ്യാൻ കഴിയാത്ത സർഫാസി നിയമത്തിലൂടെയുള്ള നടപടികൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് ഇദ്ദേഹത്തിന്റെ അപേക്ഷ. |
| 2 | ശ്രീ. വിനോദൻ വി. കെ., കൊയിലാണ്ടി. | നിപ രോഗം പടർന്ന കാലത്ത് കോഴിക്കോട് മെഡിക്കൽ കോളേജിലെ ദിവസവേതന തൊഴിലാളിയായിരുന്ന ശ്രീ. വിനോദൻ വി.കെ. കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഭവനനിർമ്മാണത്തിനായി മൂന്ന് ലക്ഷം രൂപ വായ്പയെടുക്കുകയും സാമ്പത്തിക പരാധീനത കാരണം പിന്നീട് തിരികെയടക്കാൻ കഴിയാത്തതു വഴി അത് ആറ് ലക്ഷം രൂപയായി മാറുകയും ചെയ്തു. വായ്പത്തുകയായ മൂന്ന് ലക്ഷം രൂപ രണ്ട് തവണകളായി അടയ്ക്കുന്നതിന് സാവകാശം നൽകണമെന്നും സർഫാസി നിയമപ്രകാരമുള്ള ജപ്തിനടപടികളിൽനിന്ന് ഒഴിവാക്കണമെന്നുമാണ് ശ്രീ. വിനോദന്റെ അപേക്ഷ. |

| 1 | 2 | 3 |
|---|---|---|
| 3 | ശ്രീമതി രമ കെ. കെ., തൃശ്ശൂർ. | ശ്രീമതി രമ കെ. കെ. ചെരുപ്പ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തൃശ്ശൂർ കോടാലി ബ്രാഞ്ചിൽ നിന്നും മുപ്പത്തിയഞ്ച് ലക്ഷം രൂപ വായ്പയും ഒന്നേകാൽ കോടി രൂപ ഓവർ ഡ്രാഫ്റ്റും എടുത്തിരുന്നു. അവിചാരിതമായ കാരണങ്ങളാൽ യൂണിറ്റ് ആരംഭിക്കാൻ കഴിഞ്ഞില്ലെങ്കിലും മുപ്പത്തഞ്ച് ലക്ഷം രൂപ വായ്പയിൽ ഇരുപത്തി ഒൻപത് ലക്ഷം രൂപയും 'തിരികെ അടച്ചു എങ്കിലും വസ്തുവകകൾ ജപ്തിചെയ്യുന്നതിനുള്ള നോട്ടീസ് ബാങ്കിൽ നിന്നും ലഭിച്ചിരിക്കുകയാണ്. തന്റെ വസ്തു വകകൾ വിറ്റ് പ്രസ്തുത വായ്പകൾ തിരികെ അടയ്ക്കുന്നതിന് പന്ത്രണ്ട് മാസത്തെ സാവകാശം നൽകണമെന്നാണ് പരാതിക്കാരിയുടെ അപേക്ഷ. |
| 4 | ശ്രീ. ഹനീഫ യു. വി., കൊച്ചി . | ശ്രീ. ഹനീഫ യു. വി. ബിസിനസ്സ് ആവശ്യത്തി ലേക്കായി സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂറിൽ നിന്നും പതിനെട്ട് ലക്ഷം രൂപയും ഭവനനിർമ്മാണ ത്തിനായി മുപ്പത് ലക്ഷം രൂപയും വായ്പ എടുത്തിരുന്നു. നോട്ട് നിരോധനവും ജി.എസ്.ടി. യും വന്നതിനെ ത്തുടർന്ന് വ്യാപാരം തകരുകയും വായ്പ തിരിച്ചടവ് മുടങ്ങുകയും ചെയ്തു. അൻപതിനായിരം രൂപ അടച്ച് റെഗുലറൈസ് ചെയ്യാമെന്ന് അറിയിച്ചുവെങ്കിലും രണ്ട് ലോണു കളും ചേർത്ത് സർഫാസി നിയമത്തിലൂടെ ജപ്തി നോട്ടീസ് അയയ്ക്കുകയും ചെയ്തു. ഒന്നേമുക്കാൽ കോടി രൂപ മൂല്യമുള്ള വസ്തു ആണ് പതിനെട്ട് ലക്ഷം രൂപയുടെ ലോണിന് ഈട് കൊടുത്തിട്ടുള്ളത്. വസ്തുവിൽ കടബാദ്ധ്യത തീർക്കാൻ പര്യാപ്തമായ ഒരു ഭാഗം മാത്രം ഏറ്റെടുത്തുകൊണ്ടോ സാവകാശം നൽകിയോ പ്രശ്നം പരിഹരിക്കണമെന്നതാണ് അപേക്ഷ |

| 1 | 2 | 3 |
|---|---|---|
| 5 | ശ്രീ. എൻ. ചന്ദ്രനാഥൻ, തിരുവനന്തപുരം. | പട്ടികജാതിക്കാരനായ ശ്രീ. എം. ചന്ദ്രനാഥൻ പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ് നടത്തുന്നതിനായി ഫെഡറൽ ബാങ്കിന്റെ കാട്ടാക്കട ശാഖയിൽ നിന്നും 25 ലക്ഷം രൂപയുടെ വായ്പയെടുത്തിരുന്നു. കൃത്യമായി തിരികെയടച്ചുകൊണ്ടിരുന്ന പ്രസ്തുത വായ്പ അക്കൗണ്ട് പുതുക്കണമെന്ന നോട്ടീസ് അതിലെ അവസാന ദിവസത്തിനുശേഷമാണ് അദ്ദേഹത്തിന് ലഭിച്ചത്. ഇതിനിടെ 28-3-2017 വരെ ഇടപാട് നടത്തിയിരുന്ന പ്രസ്തുത അക്കൗണ്ട് 31-3-2017-ൽ ബാങ്ക് എൻ.പി.എ ആക്കുകയും ജപ്തിനടപടികൾ നടത്തുകയും ചെയ്തു. ജപ്തി ഭയന്ന് ഒന്നരക്കോടി വിലമതിക്കുന്ന വീടും വസ്തുവും അതിന്റെ മൂന്നിലൊന്ന് തുകയ്ക്ക് അദ്ദേഹത്തിന് വിൽക്കേണ്ടതായി വന്നു. മതിയായ കാരണങ്ങൾ ഇല്ലാതെ വായ്പാ അക്കൗണ്ട് എൻ.പി.എ ആക്കിയതിനെതിരെ യാണ് അദ്ദേഹം പരാതി സമർപ്പിച്ചിട്ടുള്ളത്. |
| 6 | ശ്രീ. അന്ത്രു ഹാജി, വയനാട്. | ശ്രീ. അന്ത്രു ഹാജി വയനാട് ജില്ലാ സഹകരണ ബാങ്കിന്റെ കെല്ലൂർ ബ്രാഞ്ചിൽ നിന്നും പീടിക നിർമ്മിക്കുന്നതിനായി എട്ട് ലക്ഷം രൂപ വായ്പയെടുത്തു. കെട്ടിടം പൂർത്തിയാക്കിയെങ്കിലും വാടകയ്ക്ക് നൽകാൻ കഴിയാത്തതുകൊണ്ടും പ്രളയംമൂലം കൃഷി നശിച്ചതുകൊണ്ടും മൂന്ന് അടവ് തെറ്റിയതിനെത്തുടർന്ന് ബാങ്ക് നോട്ടീസ് അയച്ചു. തുടർന്ന് മാനേജരെ കണ്ട് തിരികെയ ടയ്ക്കുന്നതിനുള്ള സാവകാശം വാക്കാൽ വാങ്ങിയെ ങ്കിലും ഉടൻ തന്നെ കടിശ്ശിക സംബന്ധിച്ച് ബാങ്ക് പത്രപരസ്യം നൽകുകയും ചെയ്തു. കടിശ്ശിക അടയ്ക്കുന്നതിന് സാവകാശം വേണമെന്നും സർഫാസി നിയമപ്രകാരമുള്ള നടപടികൾ ഒഴിവാക്കി നൽകണമെന്നുമാണ് അദ്ദേഹത്തിന്റെ അപേക്ഷ. |

| 1 | 2 | 3 |
|---|---|---|
| 7 | ശ്രീ. എം. ആർ. രാജീവ്, മൂവാറ്റുപുഴ. | ശ്രീ. എം. ആർ. രാജീവ് വീടും സ്ഥലവും വാങ്ങുന്നതിനായി 2014 ൽ എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ മൂവാറ്റുപുഴ ശാഖയിൽ നിന്നും ഒൻപത് ലക്ഷം രൂപ വായ്പയെടുത്തിരുന്നു. കൃത്യമായി അടയ്ക്കാൻ കഴിയാതിരുന്നതുകാരണം ബാങ്ക് സർഫാസി നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും വസ്തുവിൽ ബോർഡും നോട്ടീസും സ്ഥാപിക്കുകയും ചെയ്തു. വായ്പ തിരികെയടക്കാനുള്ള ശേഷിയില്ലാത്തതിനാൽ ജപ്തിനടപടികളിൽ നിന്ന് ഒഴിവാക്കണമെന്നാണ് അപേക്ഷ. |
| 8 | ശ്രീ. അബ്ദുൽ അസീസ്, നീലേശ്വരം. | കാസർഗോഡ് ജില്ലയിലെ ശ്രീ. അബ്ദുൽ അസീസ് 2014-ൽ നീലേശ്വരം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിൽ നിന്നു പത്തുലക്ഷം രൂപ വായ്പയെടുക്കു കയും അതിൽ ഒരുലക്ഷത്തി അറുപത്തിഅയ്യായിരം രൂപ തിരികെയടയ്ക്കുകയും ചെയ്തു. മൂന്ന് മാസം ലോൺ കുടിശ്ശികയായതുകൊണ്ട് ഇദ്ദേഹത്തിന്റെ കൃഷിസ്ഥലം ബാങ്ക് കൈവശപ്പെടുത്തി. ഇത് കാരണം കൃഷി തുടരുവാനോ കാലവർഷക്കെടുതി യിൽ ഉണ്ടായ കൃഷിനാശത്തിനുള്ള അപേക്ഷ സമർപ്പിക്കുവാനോ കഴിഞ്ഞിട്ടില്ല. കൃഷിഭൂമി ജപ്തി ചെയ്യാൻ പാടില്ലെന്നിരിക്കെ അപ്രകാരം ജപ്തിനടപടി സ്വീകരിച്ചത് ഒഴിവാക്കണമെന്നതാണ് അപേക്ഷ. |
| 9 | ശ്രീ. കെ. കെ. പോൾ, വയനാട്. | കേരള ഗ്രാമീൺ ബാങ്കിന്റെ നടവയൽ ശാഖയിൽ നിന്നും ഒന്നരലക്ഷം രൂപ കാർഷികവായ്പയെടുത്ത ശ്രീ. കെ. കെ. പോളിന്റെ കൃഷിഭൂമി ജപ്തിചെയ്യാൻ ബാങ്ക് അധികൃതർ ശ്രമിക്കുകയും എന്നാൽ അതിനെതിരെ അദ്ദേഹം ഡെബ്റ്റ് റിക്കവറി |

| 1 | 2 | 3 |
|---|---|---|
| | | ട്രൈബ്യൂണലിനെ സമീപിക്കുകയും ചെയ്തു. വായ്പാ തുക രണ്ടരലക്ഷം രൂപയായി കാണിച്ച് ബാങ്ക് അയച്ച ഡിമാന്റ് നോട്ടീസിനെതിരെ ഡി.ആർ.ടി. യിൽ നിന്നും അദ്ദേഹത്തിന് അനുകൂലമായ വിധിയുണ്ടാകുകയും സർഫാസി നിയമപ്രകാരമുള്ള നടപടികൾ പിൻവലിക്കുകയും ചെയ്തു. എന്നാൽ ബാങ്കിന്റെ ഭാഗത്തുനിന്നുള്ള തെറ്റായ നടപടികൾ മൂലം കേസ് നടത്തുന്നതിനും മറ്റുമായി ഉണ്ടായ ഭീമമായ ചെലവ് മാനസികമായുണ്ടായ ബുദ്ധിമുട്ടുകൾ എന്നിവയ്ക്കെതിരെ കുറ്റക്കാരായ ഉദ്യോഗസ്ഥർ ക്കെതിരെ നടപടി സ്വീകരിക്കണമെന്നതാണ് അദ്ദേഹത്തിന്റെ ആവശ്യം. |
| 10 | ശ്രീ. നാണു,<br>കോഴിക്കോട്. | ശ്രീ. നാണു കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ പാറക്കടവ് ശാഖയിൽ നിന്നും 2013-ൽ അഞ്ച് ലക്ഷം രൂപ വായ്പയെടുക്കുകയും 2017 വരെ പലിശയിനത്തിലും പിഴപ്പലിശ ഇനത്തി ലുമായി മൂന്ന് ലക്ഷത്തി ആറായിരം രൂപ തിരികെയടക്കുകയും ചെയ്തു. ബി.പി.എൽ. വിഭാഗത്തിൽ പ്പെട്ടതും 77% ശാരീരിക വൈകല്യമുള്ള വ്യക്തിയുമായ ഇദ്ദേഹത്തിന്റെ ഇരുപത്തി എട്ട് സെന്റ് സ്ഥലവും കിടപ്പാടവും ജപ്തിചെയ്യുവാൻ സർഫാസി നിയമപ്രകാരം നോട്ടീസ് നൽകിയി രിക്കുകയാണ്. ബാക്കി തുക തിരികെയട യ്ക്കുന്നതിന് സാവകാശം നൽകണമെന്നാണ് ഇദ്ദേഹത്തിന്റെ അപേക്ഷ. |
| 11 | ശ്രീ എം. ജെ. ജോൺ,<br>തൊടുപുഴ. | ശ്രീ. എം. ജെ. ജോൺ മകന്റെ വിദ്യാഭ്യാസ ത്തിനുവേണ്ടി സിൻഡിക്കേറ്റ് ബാങ്കിന്റെ തൊടുപുഴ ബ്രാഞ്ചിൽ നിന്നും 2008-ൽ ഏഴ് ലക്ഷത്തി ഇരുപത്തിയേഴായിരം രൂപ വായ്പ യെടുത്തിരുന്നു. തുടർന്ന് 2012-ൽ മകനും |

| 1 | 2 | 3 |
|---|---|---|
| | | ഭാര്യയും ഒരു കാറപകടത്തിൽ മരിച്ചു. നിലവിൽ വായ്പത്തുക ഇരുപത്തിമൂന്ന് ലക്ഷം കവിഞ്ഞു. വായ്പയെടുക്കുന്ന വിദ്യാർത്ഥിക്ക് ഇൻഷ്വറൻസ് കവറേജ് ഉണ്ടെന്ന് ബാങ്കിൽ നിന്നും അറിയിച്ചിരുന്നുവെങ്കിലും ബാങ്കിന്റെ അശ്രദ്ധമൂലം ഇൻഷ്വറൻസ് എടുത്തിരുന്നില്ല. ഇപ്പോൾ വിദ്യാഭ്യാസ വായ്പയ്ക്കു വേണ്ടി ഈട് വച്ച കിടപ്പാടം സർഫാസി നിയമപ്രകാരം ജപ്തിചെയ്തിരിക്കുകയാണ്. മരണപ്പെട്ട മകന്റെ പേരിലുള്ള വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളണമെന്നാണ് അദ്ദേഹത്തിന്റെ അപേക്ഷ. |
| 12 | ശ്രീ പി. എം. മാത്യു, ഇടുക്കി. | ശ്രീ പി. എം. മാത്യു, ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ നിന്നും പത്തുലക്ഷം രൂപ കാർഷിക വായ്പയെടുക്കുകയും 2018 വരെ പുതുക്കി വരികയും ചെയ്തു. എന്നാൽ സർക്കാരിന്റെ മൊറട്ടോറിയം നിലനിൽക്കെ തന്നെ 2019 ജൂൺ മാസത്തിൽ ജപ്തിനടപടികൾക്കായി ഏജൻസിയെ ഏൽപ്പിച്ചു. പ്രകൃതിക്ഷോഭം നേരിട്ടതു കാരണമാണ് വായ്പ അടയ്ക്കാൻ കഴിയാതിരുന്നത് എന്നും തുടർന്ന് അടയ്ക്കുന്നതിന് കാലാവധി അനുവദിച്ച് നൽകണമെന്നുമാണ് ഇദ്ദേഹത്തിന്റെ അപേക്ഷ. |
| 13 | ശ്രീ. എസ്. സാമു, കൊല്ലം. | സിൻഡിക്കേറ്റ് ബാങ്കിന്റെ തൊളിക്കോട് ശാഖാ മാനേജർ വായ്പ അക്കൗണ്ടിൽ കൃത്രിമം കാട്ടി സർഫാസി നിയമനടപടികൾക്ക് വിധേയമാക്കിയെന്നും ജപ്തി നടപടി സ്വീകരിച്ച് വീട്ടിൽ നിന്നും ഇറക്കിവിട്ടുവെന്നുമാണ് ശ്രീ.എസ്.സാമു സമർപ്പിച്ചിട്ടുള്ള പരാതി. |
| 14 | ശ്രീ. പ്രകാശ്, മുട്ടം. | ശ്രീ. പ്രകാശ് ഫെഡറൽ ബാങ്കിൽ നിന്നും അമ്പത്തഞ്ച് ലക്ഷത്തിഎൺപതിനായിരം രൂപ വായ്പയെടുത്തിരുന്നു. 2015 വരെ വായ്പ തിരികെ |

| 1 | 2 | 3 |
|---|---|---|
| | | അടയ്ക്കുകയും ചെയ്തു. ഭാര്യയ്ക്ക് അസുഖം പിടിപെട്ടതിനെത്തുടർന്ന് വായ്പ തിരിച്ചടവ് മുടങ്ങിയപ്പോൾ 3,61,1005 രൂപ ബാക്കി നിൽക്കെ നോട്ടീസ് നൽകാതെ വീട് ജപ്തി ചെയ്തു. |
| 15 | എം. എസ്. എസ്. ഹോസ്പിറ്റൽ ആൻഡ് നഴ്സിംഗ് കോളേജ്, ആലപ്പുഴ. | ആലപ്പുഴ ജില്ലയിലെ എം. എസ്. എസ്. ഹോസ്പിറ്റൽ ആൻഡ് നഴ്സിംഗ് കോളേജ് സീമെൻസ് കമ്പനിയുമായി ഉണ്ടാക്കിയ ഹയർപർച്ചേസ് വ്യവസ്ഥകൾ പാലിക്കാൻ കഴിയാത്തതുമൂലം വായ്പയിലൂടെ എടുത്ത സാമഗ്രികൾ സർഫാസി നിയമത്തിന്റെ പരിധിയിൽപ്പെടുത്തി തിരിച്ചെടുക്കാനുള്ള നടപടികൾ നടന്നുവരികയാണ്. 2018-ലെ പ്രളയക്കെടുതിമൂലം ആശുപത്രിക്ക് നാശനഷ്ടം ഉണ്ടാകുകയും സമീപപ്രദേശങ്ങളിലെ റോഡുകൾ തകരുകയും ചെയ്തതുകാരണം ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയാണ് ഈ അവസ്ഥയ്ക്ക് കാരണമായിട്ടുള്ളത്. ഈ നടപടി ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുന്നതായും സർഫാസി നിയമത്തിന്റെ നടപടികൾ ഒഴിവാക്കി നൽകണമെന്നാണ് അപേക്ഷ. |
| 16 | ശ്രീ റ്റി. ജി. രാജൻകുട്ടി, ഇടുക്കി. | ശ്രീ. റ്റി. ജി. രാജൻ കുട്ടി 2012-ൽ ഫെഡറൽ ബാങ്ക് അടിമാലി ശാഖയിൽനിന്നും 2015-2016 വരെ കാലാവധിയുള്ള പന്ത്രണ്ട് ലക്ഷം രൂപയുടെ കാർഷിക വായ്പ എടുത്തു. നോട്ട് നിരോധനവും സാമ്പത്തിക പ്രതിസന്ധിയും 2018-ലെ പ്രളയ ക്കെടുതിമൂലമുണ്ടായ കൃഷിനാശവും കാരണം വായ്പ തിരികെയടക്കാൻ കഴിഞ്ഞില്ല. മുതിർന്ന പൗരനായ ഇദ്ദേഹത്തിന്റെ വീടും വസ്തുവും ജപ്തിചെയ്യുന്നതിന് ബാങ്ക് സർഫാസി നിയമ പ്രകാരം നോട്ടീസ് നൽകിയിരിക്കുകയാണ്. വായ്പ തിരിച്ചടയ്ക്കാൻ ഇളവനുവദിക്കണമെന്നതാണ് ഇദ്ദേഹത്തിന്റെ അപേക്ഷ. |

| 1 | 2 | 3 |
|---|---|---|
| 17 | ശ്രീമതി ഷീമ, കണ്ണൂർ. | ശ്രീമതി ഷീമ സിൻഡിക്കേറ്റ് ബാങ്കിന്റെ മാലൂർ ശാഖയിൽ നിന്നും മൂന്ന് ലക്ഷം രൂപ വായ്പയെടുത്തു. ഭർത്താവ് ആകസ്മികമായി മരണപ്പെട്ടതിനെ ത്തുടർന്ന് വായ്പ തിരിച്ചടക്കുവാൻ കഴിയാതെ വന്നു. ഒരുലക്ഷത്തി എഴുപതിനായിരത്തോളം രൂപ തിരികെ അടച്ചുവെങ്കിലും ബാങ്ക് സർഫാസി നിയമപ്രകാരമുള്ള ജപ്തിനടപടികളുമായി മുന്നോട്ട് പോകുകയാണ്. അത് ഒഴിവാക്കി നൽകണ മെന്നാണ് ശ്രീമതി ഷീമയുടെ അപേക്ഷ. |
| 18 | ശ്രീമതി നീലിമ സുശീലൻ പിള്ള, കൊല്ലം. | ശ്രീമതി നീലിമ സുശീലൻ പിള്ള ഫെഡറൽ ബാങ്ക് കൊല്ലം ശാഖയിൽനിന്നും പുരയിടം പണയപ്പെടുത്തി 48,00,000 രൂപ വായ്പയെടു ക്കുകയും അതിൽ മുപ്പത്തിയൊന്ന് ലക്ഷത്തിൽപ്പരം രൂപ തിരികെയടക്കുകയും ചെയ്തു. ജോലി നഷ്ടപ്പെട്ടതിനെത്തുടർന്ന് പിന്നീട് തിരികെയടയ്ക്കാൻ കഴിയാതെ വരികയും മൂന്ന് മാസത്തിനുശേഷം ബാങ്ക് ജപ്തിനടപടികൾ സ്വീകരിക്കുകയും ചെയ്തു. മറ്റ് മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ ജപ്തിയൊഴിവാക്കി നൽകണമെന്ന് ശ്രീമതി നീലിമ സുശീലൻ പിള്ളയുടെ അപേക്ഷ. |
| 19 | ശ്രീ നാസറുദ്ദീൻ, കൊല്ലം. | ശ്രീ.നാസറുദ്ദീൻ ദീർഘകാലമായി സിൻഡിക്കേറ്റ് ബാങ്കുമായി ഇടപാട് നടത്തിവന്ന കശുവണ്ടി വ്യവസായിയാണ്. അദ്ദേഹത്തിന് അനുവദിച്ച വായ്പയുടെ കാലാവധി 84 മാസമായിരിക്കെ ബാങ്കിന്റെ ഭാഗത്തുനിന്നുണ്ടായ പിഴവുമൂലം അത് 48 മാസം എന്ന് രേഖപ്പെടുത്തുകയുണ്ടായി. ഇപ്രകാരം കാലാവധി തെറ്റായി കണക്കാക്കിയ തുമൂലം തവണത്തുക ഉയർന്നതിനാൽ തിരിച്ചടവ് മുടങ്ങിയതിനെത്തുടർന്ന് പ്രസ്തുത വായ്പയെ ബാങ്ക് എൻ.പി.എ. ആയി പ്രഖ്യാപിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവെന്നതാണ് അദ്ദേഹത്തിന്റെ പരാതി. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.